# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ - *53

2/12/2014 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(ബഹു.വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ) |
| (എ)സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി മൂലം ഈ മേഖലയിലെ തൊഴിലാളികളും കുടുംബങ്ങളും അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കുകയുണ്ടായെന്നും അത് എത്ര മാത്രം ഫലപ്രദമായിരുന്നുവെന്നും വിശദമാക്കാമോ ; | (സി) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. നടപ്പിലാക്കിവരുന്ന പദ്ധതികളെല്ലാം ഫലപ്രദമാണ്. |

(ഡി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ അവ ശേഷിക്കുന്ന പദ്ധതികൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കുമോ ; സർക്കാരിന്റെ പരിഗണനയിലുള്ള പുതിയ പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

(ഡി) പരമ്പരാഗത വ്യവസായ മേഖലയിൽ 2013-14 വർഷത്തിൽ അനുവദിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കരകൗശല മേഖലയുടെ ഉന്നമനത്തിനും കരകൗശല മേഖലയിലെ പരിചയസമ്പന്നരായ തൊഴിലാളി കളുടെ വരുമാന വർദ്ധനവിനു വേണ്ടിയും യഥാക്രമം സുരഭിക്ക് 2 കോടി രൂപയും കരകൗശ ലവികസന കോർപ്പറേഷന് 2 കോടി രൂപയും പ്രാഥമിക കരകൗശല സംഘങ്ങൾക്ക് 2 കോടി രൂപയും 2014-15 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്ന പ്രസ്തുത പദ്ധതികൾ സർക്കാർ പരിശോധിച്ചു വരുന്നു.

കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി നേരിടുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഏതാണ്ടെല്ലാ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മാതൃകാ കയർ ഗ്രാമം സ്ഥാപിക്കൽ എന്ന പദ്ധതിയും, 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കൽ, CIAL മാതൃകയിൽ അന്തർ ദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉല്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നൊവേഷൻ ഫണ്ട്, നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ്സ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കൽ എന്നീ പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

തൊണ്ട് സംഭരിച്ച് ചകിരി യാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൊണ്ട് സംഭരണം കൂടുതൽ ഫലപ്രദമായി നടത്താൻ നാളികേര വികസന ബോർഡുമായി സഹകരിച്ച് ഒരു ബൃഹദ് പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ നൽകുവാനുള്ള കുടിശ്ശിക നൽകു ന്നതിനായി ബഡ്ജറ്റ് പ്രസംഗ ത്തിൽ പ്രഖ്യാപിച്ച ഏഴുകോടി രൂപയുടെ ധനസഹായം അനു വദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കൈത്തറി മേഖല**

1. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് മാർജിൻമണി ലോണും നൽകി വരുന്നു.

2. നിലവിലുള്ള ഷോറൂം നവീകരിക്കുന്നതിനും പുതിയ ഷോറൂം നിർമ്മിക്കുന്നതിനും സഹായം നൽകുന്നു. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 19 ഷോറൂമുകൾ നവീകരിക്കുന്നതിനും 6 പുതിയ ഷോറൂം നിർമ്മിക്കുന്നതിനും സഹായം നൽകി. 3 ഷോറൂം പണി പൂർത്തീകരിച്ചു.

3. അസംസ്കൃത വസ്തുക്കളുടെ വിലയിലുള്ള വ്യതിയാനം പിടിച്ചു നിർത്തുന്നതിനായി കഴിനൂൽ സബ്സിഡി നൽകി വരുന്നു.

4. ഉൽപ്പന്ന വൈവിധ്യ വൽക്കര ണത്തിനും കലാമേന്മ വർദ്ധിപ്പി ക്കുന്നതിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ് ലൂം ടെക്നോളജി(ഐ.ഐ.എച്ച്.റ്റി) വീവേഴ്സ് സർവ്വീസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഫലമായി ആകർഷകമായ ഉൽപ്പ ന്നങ്ങൾ ഉൽപ്പാദിപ്പിച്ചു വരുന്നു.

5. ഡോബി, ജെക്കാർഡ് തുടങ്ങിയ സാങ്കേതിക വിദ്യകൾ നടപ്പിലാ ക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നു.

6. കൈത്തറി പ്രചരണ പരിപാടികൾ ശക്തമാക്കിയിട്ടുള്ളതും കൈത്തറിയുടെ ഉപഭോഗം വർദ്ധിച്ചിട്ടുള്ളതുമാണ്.

7. കുടിൽ മാതൃക സംഘങ്ങളുടെ നെയ്ത്തുകാർക്ക് അനു ബന്ധ ഉപകരണങ്ങൾ സൌജ ന്യമായി കൊടുക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

8. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുന്ന പദ്ധതിയും മികച്ച നെയ്ത്തുകാർക്ക് അധിക വരുമാനം ലഭിക്കുന്നതിന് പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഫലമായി നെയ്ത്തുകാർക്ക് കൂടുതൽ വരുമാനം ലഭിക്കുന്നു.

9. കൈത്തറി ഉൽപ്പന്നങ്ങളുടെ വൈവിധ്യ വത്കരണത്തിനായി കൈത്തറി ക്ലസ്റ്ററുകളിൽ ഡിസൈനറെ നിയമിച്ച് വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു.

10. വിപണനത്തെ സഹായിക്കുന്നതിനായി റിബേറ്റിനു പുറമേ ഉത്സവ സീസണുകളിൽ എക്സിബിഷനുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ബയർ

സെല്ലർ മീറ്റുകളും സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഫലമായി വിപണി വർദ്ധിച്ചിട്ടുണ്ട്.

11. കൈത്തറി മേഖലയിലുള്ള തൊഴിലാളികൾക്ക് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നു.

12. കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ റിഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കി. ഇതുവഴി പ്രാഥമിക കൈത്തറി സംഘങ്ങളുടെയും, ഹാന്റക്സിന്റേയും വ്യക്തിഗത യൂണിറ്റുകളുടേയും 31/3/2010 വരെയുള്ള വായ്പാ കുടിശ്ശിക 100%വും പലിശയുടെ 25%വും (എൻ.പി.എ ആകുന്നതുവരെ) ഒഴിവാക്കി.

കശുവണ്ടി മേഖല

13. കശുവണ്ടി മേഖലയിലെ പൊതു മേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിനും ആധുനിക യന്ത്രസമാഗ്രികൾ സ്ഥാപിക്കുന്ന തിനും ആവശ്യ മായ സാമ്പത്തിക സഹായം നൽകി വരുന്നു. ഈ സാമ്പത്തിക സഹായം വിനി യോഗിച്ച് ഫാക്ടറിയിലെ അടി സ്ഥാന സൌകര്യങ്ങൾ മെച്ചപ്പെട്ടു ത്തുന്നതിനും തൊഴിലാ ളികൾക്ക് തുടർച്ചയായി ജോലി നൽകുന്ന തിനുള്ള ശ്രമങ്ങൾ കോർപറേഷനും കാപെക്സും നടത്തിവരുന്നു.

ആർട്ടിസാൻസ്മേഖല

14. കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യ മാക്കി ആർട്ടിസാൻസ് വനിതകൾ ക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധന സഹായത്തോടെ കാഡ്കോ നടത്തി വരുന്നു.

ബാംബൂ മേഖല

15. കേരളസ്റ്റേറ്റ് ബാംബൂ കോർപറേഷന് ബാംബൂ ബോർഡ് ഫാക്ടറിയിലേക്കുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും നവീകരണ പ്രവർത്തനങ്ങൾ ക്കമായും സർക്കാർ ധനസഹായം അനുവദിച്ചിരുന്നു.

16. ഈറ്റ ശേഖരണ ,വിതരണ മേഖലയിലെ നവീകരണ പ്രവർത്ത നങ്ങൾക്കായും എല്ലാ വർഷവും ഫെസ്റ്റിവൽ ഇൻസെന്റീവ് ഇനത്തിലും മിനിമം വേജസ് നടപ്പിലാക്കുന്നതിനുമായും കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷന് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

## കരകൗശലമേഖല

17. കരകൗശല തൊഴിലാളികൾക്ക് കരകൗശലവികസന കോർപറേഷൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടുകൂടി തൊഴിൽവായ്പാപദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഈ വിധത്തിലുള്ള സർക്കാർ പ്രഖ്യാപിതപദ്ധതികൾ വഴി കൂടുതൽ തൊഴിലാളികളെ കരകൗശലമേഖലയിലേക്ക് ആകർഷിക്കുവാനും കരകൗശല വ്യവസായത്തെ തകർച്ചയിൽ നിന്നും സംരക്ഷിച്ച് കരകയറ്റുന്നതിനും ഉപകരിച്ചു വരുന്നു. കൂടാതെ കരകൗശല തൊഴിലാളികളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി അവരുടെ ഉല്പന്നങ്ങൾ വിപണനത്തിനായി ഇന്ത്യ ഒട്ടാകെ എക്സിബിഷനുകൾ സുരഭി സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

## ഖാദി മേഖല

18. സംസ്ഥാന സർക്കാരിന്റെയും ഖാദി കമ്മിഷന്റെയും സാമ്പത്തിക സഹായത്തോടെ ഖാദി ബോർഡ് നടപ്പാക്കിവരുന്ന എല്ലാ ഖാദി ഗ്രാമവ്യവസായ പദ്ധതികളും കേരള ത്തിലെ പല പരമ്പരാഗത വ്യവസായങ്ങളുടേയും ഉന്നമനത്തിന് ഉതകുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ ധനസഹായ ത്തോടു കൂടി ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന "പ്രത്യേക തൊഴിൽദാന പദ്ധതി" യിൽ കൂടി വിവിധ പരമ്പരാഗത വ്യവസായങ്ങൾക്കും പുതുജീവൻ നൽകുവാൻ സാധിച്ചിട്ടുണ്ട്.

19. ഗ്രാമവ്യവസായത്തിൽപ്പെടുന്ന കുമ്മായം, കളിമൺപാത്രം, കരിപ്പട്ടി, പനംകൽക്കണ്ടം, സോപ്പ് തുടങ്ങിയ വ്യവസായങ്ങൾക്ക് പുനരുജ്ജീവന പരിപാടികൾ ആവിഷ്കരിക്കുന്ന തിനായി സാമ്പത്തിക സഹായം നൽകി വരുന്നു. ഖാദിസഹകരണ സംഘങ്ങളെയും മറ്റു ഖാദി സ്ഥാപനങ്ങളെയും പുനരുദ്ധീകരിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

20. ഖാദി മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിന്റെ ഭാഗമായി തറികളുടേയും ചർക്കകളുടേയും ആധുനിക വൽക്ക രണത്തിനും ഖാദിമേഖലയുടെ നവീകരണത്തിനും ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനായും സർക്കാർ നിയോഗിച്ച ശ്രീ.പി. ഗോപിനാഥൻനായർ ചെയർമാനായ കമ്മിറ്റി അഞ്ച് വർഷത്തേക്ക് വേണ്ടി 120 കോടി രൂപയുടെ നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കുകയും ആദ്യ വർഷത്തേക്കായി സമർപ്പിച്ച 29.46 കോടി രൂപയുടെ നിർദ്ദേശ ത്തിന്മേൽ 2012-13 വർഷം 13.05 കോടി രൂപയും 2013-14 വർഷം 15.21 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

21. ഖാദിതൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക ഉപയോഗിച്ച് മിനിമം വേതനം നൽകിവരുന്നുണ്ട്. 2013-14 വർഷം ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 18 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.2014-15 വർഷം ഇതിലേയ്ക്കായി 22 കോടി രൂപ വക യിരുത്തിയിട്ടുണ്ട്. ഖാദി നൂല്പ കാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന ഇൻസെന്റീവ് നൽകി വരുന്നു. കൂടാതെ ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഖാദിതൊഴിലാളികൾക്ക് നൽകിവരുന്നുണ്ട്. ഖാദിഗ്രാമ വ്യവസായങ്ങളെ കൂടുതൽ ഉൽപ്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഖാദി ക്ലസ്റ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

കയർ മേഖല

22. ജീവനക്ഷമമായ കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകി പുനരുദ്ധരിക്കുന്ന പദ്ധതി, കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു പങ്ക് സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന ഇൻകം സപ്പോർട്ട് പദ്ധതി, പരിഷ്കരിച്ച തൊണ്ട് സംഭരണ പദ്ധതി, സംഘങ്ങൾക്ക് അടിസ്ഥാന സൌകര്യ വികസനത്തിനായുള്ള പദ്ധതി, സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്ന പദ്ധതി തുടങ്ങിയ പ്രധാന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

—

Canaden
സെക്ഷൻ ഓഫീസർ